GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

09-06-2021

## കാർഷികവാർത്തകൾ

1. **ലോക്ക്ഡൌൺ കാലത്തു വിപണിയില്ലാതെ** വിലയിടിവ് മൂലം പ്രതിസന്ധിയിലായ കർഷകരെ സഹായിക്കാൻ കോഴിക്കോട് ഹോർട്ടിക്കോർപ് സംഭരിക്കുന്ന നാടൻ പച്ചക്കറികൾ വിറ്റഴിക്കാൻ സന്നദ്ധ സംഘടനകൾ, ക്ലബ്ബുകൾ, റെസിഡന്റ്സ് അസോസിയേഷനുകൾ എന്നിവയുടെ സഹകരണം തേടുന്നു. കോവിഡ് മഹാമാരി മൂലം പ്രതിസന്ധിയിലായ ജന വിഭാഗങ്ങളെ സഹായിക്കാൻ കിറ്റുകൾ നൽകി സഹായിക്കാൻ മുന്നിട്ട് ഇറങ്ങുന്നവർ,കിറ്റുകൾക്ക് ആവശ്യമായ നാടൻ പച്ചക്കറികൾ ഹോർട്ടികോർപ്പിൽ നിന്ന് വാങ്ങുവാൻ സന്നദ്ധത കാണിച്ചാൽ കർഷകരുടെ ഉത്പന്നങ്ങൾക്ക് ന്യായ വില ലഭിക്കുവാൻ സഹായകരമാകും. നിങ്ങളുടെ ഓർഡറുകൾ ഒരു ദിവസം മുൻപേ ലഭിക്കുകയാണെങ്കിൽ കർഷകരിൽ നിന്ന് കൂടുതലായി പച്ചക്കറികൾ സംഭരിക്കാൻ കഴിയും. കൂടുതൽ വിവരങ്ങൾക്ക് കോഴിക്കോട് ഹോർട്ടികോർപ്പിന്റെ 8714144834, 9746297587 എന്നീ കസ്റ്റമർ കെയർ നമ്പറുകളിൽ പ്രവർത്തിദിവസങ്ങളിൽ രാവിലെ 9 മുതൽ വൈകുന്നേരം 5 വരെയുള്ള സമയത്ത് ബന്ധപ്പെടുക..

2. **സുഭിക്ഷംസുരക്ഷിതം ഭാരതീയപ്രകൃതികൃഷി പദ്ധതി**

കാർഷിക പരിസ്ഥിതി അധിഷ്ഠിതജൈവവൈവിധ്യ സംരക്ഷണം ലക്ഷ്യമിട്ട് കൃഷിവകുപ്പ് സുഭിക്ഷംസുരക്ഷിതം ഭാരതീയ പ്രകൃതികൃഷി പദ്ധതി ഈ സാമ്പത്തിക വർഷം നടപ്പാക്കുന്നു. ജൈവകൃഷിമുറകൾകൊപ്പം ജനിതകവിഭവസംരക്ഷണം, നാട്ടറിവ് പ്രയോഗം തുടങ്ങിയവയും കൃഷിയിടത്തിൽ പ്രോത്സാഹിപ്പിക്കുന്നതിനും കേരളഓർഗാനിക് പ്രോഡക്റ്റ് ബ്രാൻഡ് നാമത്തിൽ വിപണനം ചെയ്യുന്നതിനും സഹായം നൽകും. ജൈവകൃഷിമുറകൾ

അനുവർത്തിക്കാൻ താല്പര്യമുള്ള കർഷകർക്ക് പദ്ധതിയിൽ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

**3. കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ** (കെപ്കോ) യിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന ബി. വി 380 ഇനത്തിൽപ്പെട്ട ഒരു ദിവസം പ്രായമുള്ള മുട്ട കോഴി കുഞ്ഞുങ്ങൾ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് കൊട്ടിയം 9495000923, മാള 9495000919, തിരുവനന്തപുരം 0471- 2478585, 7510407930, 9495000915 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക. വിളിക്കേണ്ട സമയം രാവിലെ 10 മണി മുതൽ 5 മണി വരെ

**4. പാൽ ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക** എന്ന ലക്ഷ്യത്തോടെ ക്ഷീരവികസനവകുപ്പ് നടപ്പാക്കുന്ന മിൽക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിലേയ്ക്ക് അപേക്ഷിക്കാൻ അവസരം. പദ്ധതിയുടെ ഭാഗമായി ഗോധനം (സങ്കര വർഗ്ഗം, നാടൻ പശു), രണ്ട് പശു യൂണിറ്റ്, അഞ്ചു പശു യൂണിറ്റ്, കോമ്പോസിറ്റ് ഡയറി യൂണിറ്റുകൾ, ആവശ്യാധിഷ്ഠിത ധനസഹായം, കാലിത്തൊഴുത്ത് നിർമ്മാണം തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു. താല്പര്യമുള്ള ക്ഷീരകർഷകർ ജൂൺ 15 നകം അതത് ക്ഷീര വികസനയൂണിറ്റുകളിൽ അപേക്ഷിക്കണം. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള ക്ഷീര വികസനയൂണിറ്റുകളുമായി ബന്ധപ്പെടുക.

**5. തീറ്റപ്പുൽകൃഷിയ്ക്കുള്ള അപേക്ഷ ക്ഷണിക്കുന്നു**

തീറ്റപ്പുൽകൃഷി ചെയ്യാൻ താൽപ്പര്യമുള്ള കർഷകരിൽ നിന്നും ക്ഷീരവികസന വകുപ്പ് അപേക്ഷ ക്ഷണിക്കുന്നു. തിരുവനന്തപുരം ജില്ലയിലെ കർഷകർ ബ്ലോക്ക്തല ക്ഷീരവികസന

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

യൂണിറ്റ് ഓഫീസിലോ സമീപത്തെ ക്ഷീരസഹകരണ സംഘത്തിലോ ജൂ മാസം ഇരുപത്തിഒന്നാം തീയതിയ്ക്കു മുമ്പായി അപേക്ഷ സമർപ്പിയ്ക്കേണ്ടതാണ്.

### ഓൺലൈൻ പരിശീലനങ്ങൾ

1. **പത്തനംതിട്ട കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യ**ത്തിൽ ഇന്ന് മുട്ടക്കോഴി നഴ്സറികളുടെ ശാസ്ത്രീയ പരിചരണം, 10 ന് കുറ്റിക്കുരുമുളക് കൃഷി, 11 ന് ആഫ്രിക്കൻ ഒച്ചുകളുടെ ശാസ്ത്രീയ നിയന്ത്രണ മാർഗ്ഗങ്ങൾഎന്നീ വിഷയങ്ങളിലാണ് പരിശീലനം. പങ്കെടുക്കുവാൻ താല്പര്യപ്പെടുന്നവർ അതാതു ദിവസങ്ങളിൽ രാവിലെ 11 മണിക്ക് ഗൂഗിൾ മീറ്റ് ലിങ്കിലൂടെ പരിശീലനത്തിൽ പ്രവേശിക്കാം. കൂടുതൽ വിവരങ്ങൾക്ക് 8078572094 എന്ന് ഫോൺ നമ്പരിൽ ബന്ധപ്പെടുക

2. **കേരള കാർഷിക സർവ്വകലാശാലയുടെ നാളികേര ഗവേഷണകേന്ദ്രം**, ബാലരാമപുരം , ' നാളികേര കൃഷി - അറിയേണ്ടതെല്ലാം' എന്ന വെബിനാർ പരമ്പരയിൽ കർഷകർക്കായി ഇന്ന് രാവിലെ 11 മണിക്ക് "ശാസ്ത്രീയ വളപ്രയോഗം" എന്ന വിഷയത്തിൽ കവിത ജി.വി നയിക്കുന്ന ഗൂഗിൾ മീറ്റ് ഉണ്ടായിരിക്കുന്നതാണ്. നാളെ (10.6.2021) ന് "ഇടവിള കൃഷിയും മിശ്രകൃഷിയും" എന്ന വിഷയത്തിൽ ഗൂഗിൾ മീറ്റ് ഉണ്ടായിരിക്കുന്നതാണ്

3. **തിരുവനന്തപുരം കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന** കേന്ദ്രത്തിൽ വച്ച് ഈ മാസം 15, 16 പശുവളർത്തൽ 23, 24 വളർത്താൻ എന്നീ വിഷയങ്ങളിൽ ഓലൈൻ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് കർഷകർക്ക് പ്രവർത്തി ദിവസങ്ങളിൽ 0471-2732918, 9188522701 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

4. **ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ** ആഭിമുഖ്യത്തിൽ ഇന്ന് (09.06.2021) രാവിലെ 11 മണിക്ക് 'പാലും ഭക്ഷ്യസുരക്ഷയും' എന്ന വിഷയത്തിൽ കോളേജ് ഓഫ് ഡയറി സയൻസ് ആന്റ് ടെക്നോളജി അസിസ്റ്റന്റ് പ്രൊഫസർ രജീഷ് ആർ-ന്റെ ഫെയ്സ്ബുക്ക് ലൈവ് ഉണ്ടായിരിക്കുന്നതാണ്. എറണാകുളം ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ഫെയ്സ് ബുക്ക് പേജിൽ പ്രഭാഷണം തത്സമയം വീക്ഷിക്കാവുന്നതാണ്.

5. **കേരള വെറ്ററിനറി സർവകലാശാല** 'മൃഗസംരക്ഷണമേഖലയിലെ വർഷകാല മുന്നൊരുക്കങ്ങളെ' ആധാരമാക്കി നടത്തുന്ന കർഷകോൻമുഖവിദഗ്ദ്ധഭാഷണ പരമ്പരയിൽ ഈ മാസം ഇന്ന് വൈകിട്ട് 5.00 മണിക്ക് 'മഴക്കാലരോഗങ്ങളും പ്രതിരോധമാർഗങ്ങളും' എന്ന വിഷയത്തിനെ അടിസ്ഥാനപ്പെടുത്തി സർവകലാശാല പ്രൊഫസർ കെ. വിജയകുമാറിന്റെ ആമുഖഭാഷണവും തുടർന്ന് അസോസിയേറ്റ് പ്രൊഫസർ ഡോ. ജസ്റ്റിൻ ഡേവിസ് കെ യുടെ പ്രഭാഷണവും ഉണ്ടായിരിക്കുന്നതാണ്. നാളെ (10-06-2021 ന്) 'മൃഗങ്ങളിലെ മൂത്രാശയ രോഗങ്ങളും പ്രതിവിധികളും' എന്നതാണ് പ്രഭാഷണ വിഷയം. കർഷകർക്ക് സംശയദൂരീകരണത്തിനുള്ള അവസരവും ഒരുക്കിയിട്ടുണ്ട്. വിശദവിവരങ്ങൾക്കായി ഫോൺകോളിലൂടെയോ വാട്സ്ആപ്പിലൂടെയോ ഇനി പറയുന്ന നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ് -9446625160 / 9895213500.

6. **തിരുവനന്തപുരം വെള്ളനാട് മിത്രാനികേതൻ** കൃഷിവിജ്ഞാനകേന്ദ്രത്തിൽ നിന്നും ഇന്ന് (09.06.2020) രാവിലെ 11.30 മണിക്ക് 'ശാസ്ത്രീയ കൂൺകൃഷി' എന്ന വിഷയത്തിൽ സബ്ജക്ട്മാറ്റർ സ്പെഷ്യലിസ്റ്റ് ബിന്ദു ആർ മാത്യൂസ് ഓൺലൈൻ പരിശീലനം നൽകുന്നു.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നാളെ (10.06.2021) 'ശാസ്ത്രീയ നെൽകൃഷി' എന്ന വിഷയത്തിൽ പരിശീലനം ഉണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് 9446911451 എന്ന നമ്പരിൽ ബന്ധപ്പെടുക.

**6.കുളമ്പുരോഗംകർഷകർ അറിയേണ്ടത്.**

കുളമ്പുരോഗംപടർന്നുപിടിക്കാതിരിക്കാനായി ഇനി പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക.

1. പനിയോ രോഗലക്ഷണങ്ങളോ കാണിക്കുവാൻ തുടങ്ങുന്ന മൃഗങ്ങളെ ഒരു കാരണവശാലും മേയാനോ പൊതുസ്ഥലങ്ങളിൽ മറ്റു കാലികളുമായി ഇടപെടാനോ അനുവദിക്കരുത്. അടുത്തുള്ള മൃഗാശുപത്രിയിൽ വിവരം അറിയിക്കുകയും ഡോക്ടറുടെ നിർദ്ദേശപ്രകാരം ചികിത്സാ വിധികൾ സ്വീകരിക്കുകയും വേണം.

2. എരിത്തിലും പരിസരവും വൃത്തിയാക്കാനയിനാല് ശതമാനം വീര്യമുള്ള അലക്കു കാരം അതായത് 40 ഗ്രാം അലക്കുകാരം ഒരു ലിറ്റർ വെള്ളത്തിൽ കലക്കിയത്, അണുനാശിനിയായി ഉപയോഗിക്കാം.

3. എരിത്തിലിലേക്ക് കയറുന്നിടത്തും എരുത്തിലിൽ നിന്നും ഇറങ്ങുന്നിടത്തും അലക്കുകാര ലായനി ഉപയോഗിച്ച് ഫുട്ട് ബാത്ത് കൊടുക്കുന്നത് രോഗാണു വ്യാപനം കുറയ്ക്കും.

4. കുളമ്പിൽ രോഗ ലക്ഷണങ്ങൾ ഉണ്ടെങ്കിൽ അഞ്ചു ശതമാനം വീര്യമുള്ള തുരിശുലായനിയിൽ കുളമ്പ് അഞ്ചു നിമിഷനേരം മുക്കി വയ്ക്കുന്നത് നല്ലതാണ്.

5. വായയിൽ വൃണങ്ങൾ കാണുകയാണെങ്കിൽ വളരെ നേർത്ത പൊട്ടാസ്യം പെർമാംഗനേറ്റ് ലായനിയോ ബോറിക് ആസിഡ് ലായനിയോ ഉപയോഗിച്ച് വായകഴുകകയോ ബോറിക് ആസിഡ് ശർക്കരയിലോ പഴത്തിലോ ചേർത്ത് ചവയ്ക്കാൻ കൊടുക്കുകയോ ചെയ്യാവുന്നതാണ്.